

# THE BIBLE TRUTH

## യേശുക്രിസ്തു

1. ലോകത്തിലേക്കു വന്നു -1തിമൊ 1:15, മത്തായി 17:10
2. ജഡത്തിൽ ജനിച്ചു- യോഹന്നാൻ 1:14, യോഹന്നാൻ 4:1-3
3. സ്ത്രീയിൽ നിന്ന് ജനിച്ചു- ഗലാത്യർ 4:4, യെശയ്യാവ് 7:14
4. മനുഷ്യപുത്രനായി തീർന്നു-ഫിലിപ്പിയർ 2:5-8; ലൂക്കൊസ് 19:10
5. ദരിദ്രനാകുവാൻ ധനം ഉപേക്ഷിച്ചു- 2കൊരിന്ത്യർ6:9; ലൂക്കൊസ് 9:38
6. മനുഷ്യരാൽ ത്യജിക്കപ്പെട്ടു- യോഹന്നാൻ 1:11,12; യെശയ്യാവ് 57:3
7. ദു:ഖമനുഷ്യനായി തീർന്നു- യെശയ്യാവ് 52:3; മത്തായി 23:37
8. മനുഷ്യരാൽ മരണത്തിനു ഏല്പിച്ചുകൊടുത്തു-ലൂക്കൊസ് 24:46 മത്തായി 16:21
9. ഭൂമിയിൽ ശപിക്കപ്പെട്ടവനായിതീർന്നു- ഗലാത്യർ 3:13
10. നമുക്കു വേണ്ടി പാപമായിതീർന്നു - 2കൊരിന്ത്യർ 5:21

## നമുക്ക്

1. സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ- യോഹന്നാൻ 14:1-3, 2കൊരിന്ത്യർ6:1
2. ആത്മാവിൽ ജനിക്കേണ്ടതിന്നു- യോഹന്നാൻ 3:5 1 പത്രൊസ് 1:23
3. ദൈവത്താൽ ജനിക്കേണ്ടതിനു യോഹന്നാൻ 1:11-13, യോഹന്നാൻ 5:4
4. ദൈവമക്കൾ ആകേണ്ടതിന്നു- 1യോഹന്നാൻ 3:1-3; ഗലാത്യർ 4:6
5. ധനികരാകുവാൻ ദാരിദ്ര്യം ഉപേക്ഷിച്ചു-2കൊരിന്ത്യർ 8:9; എഫെസ്യർ 2:7
6. ദൈവത്താൽ സ്വീകരിക്കപ്പെട്ടു- എഫെസ്യർ 1:6 പ്രവൃത്തി 10:34
7. തേജസിന്റെ മക്കൾ ആയി തീർന്നു- ഫിലിപ്പിയർ 4:4; 1പത്രൊസ് 4:13
8. ദൈവത്താൽ ജീവനുള്ളവരായിതീർന്നു. കൊലൊസ്യർ 2:13;എഫെസ്യർ2:1
9. സ്വർഗ്ഗത്തിൽ അനുഗ്രഹിക്കപ്പെട്ടവനാകുവാൻ-ഗലാത്യർ 3:14
10. ദൈവത്താൽ നീതീകരിക്കപ്പെടുവാൻ-2കൊരിന്ത്യർ 5: 21

# THE BIBLE TRUTH

**Editors**

**P. K. VARGHESE** **J. C. CHOATE**

ooo ooo ooo

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 14** **November 2000** **No. 8**


## എഡിറ്റോറിയൽ

പല വിധത്തിൽ ഉപജീവനം നടത്തുന്നവരും സ്വത്തു സ്വരൂപിക്കുന്നവരും ലോകത്തു കാണാം. ലോകത്തിൽ ജീവിക്കുന്നതിനു നമുക്ക് കുറഞ്ഞ തോതിൽ പലതും ആവശ്യമാണ്. ഇതു നിഷേധിക്കാൻ ആരും തയ്യാറാവുകയില്ല. എന്നാൽ അതിനു കണ്ടെത്തുന്ന മാർഗ്ഗം എങ്ങനെയുള്ളതു എന്നതാണ് ചിന്തിക്കേണ്ടതു. മനുഷ്യ ജീവിതം ആരംഭിച്ച ഘട്ടം പരിശോധിച്ചാൽ അവർ അദ്ധ്വാനിക്കാതെ തന്നെ അവർക്കു വേണ്ടതെല്ലാം സുലഭമായി ലഭിച്ചിരുന്നു. അതിൽ തൃപ്തിപ്പെടുവാൻ കഴിഞ്ഞില്ല എന്നതാണ് വാസ്തവം. പരിധിക്കപ്പുറത്തു കടക്കണമെന്ന ആഗ്രഹം പിശാചാണ് ഉദ്യോദിപ്പിക്കുന്നതു. അതിന്റെ അനന്തര ഫലം നാശകരം തന്നെയാകും എന്നു തിരിച്ചറിയുന്നില്ല. ആരംഭം മുതൽ ഇന്നു വരെ നാം അറിയാതെ നമ്മിലേക്കു കടന്നു വരുന്ന പ്രലോഭനങ്ങളെ നാം വിവേചിക്കണം. ഇല്ലെങ്കിൽ ആ പ്രവർത്തി നമ്മെ അപകടപ്പെടുത്തും. ഭൗതിക ജീവിതത്തിൽ മാത്രം ശ്രദ്ധ ചെലുത്തി ജീവിക്കുന്നവർ മറുവശത്തെ കുറിച്ച് ചിന്തിക്കാതെയാണ് പ്രവർത്തിക്കുന്നത്. നമുക്കു ചുറ്റും കാണപ്പെടുന്ന ചെറുതും വലുതുമായ സംഭവങ്ങൾ എല്ലാവരുടെയും കണ്ണു തുറപ്പിക്കേണ്ടതാണ്.

പണ്ടൊക്കെ കഠിനമായി അദ്ധ്വാനിച്ച് ജീവിക്കുവാനാണ് ആളുകൾ ഇഷ്ടപ്പെട്ടിരുന്നത്. നേരായ പാതയി

ൽ സഞ്ചരിച്ച് ചാരിതാർത്ഥ്യം അടഞ്ഞിരുന്നു. അതുകൊണ്ടു അവർ അനാരോഗ്യം മൂലമോ അനിഷ്ട സംഭവങ്ങൾ മൂലമോ കഷ്ടപ്പെടാതിരുന്നു. ഇന്നത്തെ സ്ഥിതി മറിച്ചാണ്. വഞ്ചിച്ചും, ചതിച്ചും പിടിച്ചു പറിച്ചും മോഷ്ടിച്ചും ഉപജീവനത്തിനു മാർഗ്ഗം കണ്ടെത്തുന്നവർ വിരളമല്ല. അവർക്കു അതിൽ യാതൊരു ലജ്ജയുമില്ല. ആരുടെയെങ്കിലും മുതൽ കവർന്നെടുത്തു ജീവിക്കുവാൻ ചിലർക്കു യാതൊരു മടിയുമില്ല. ധാർമ്മികമായ നിലവാരം ഇന്നു സമൂഹത്തിൽ നിന്നു അപ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കയാണ്. അതിൽ മതപരമായ നേതൃത്വത്തിനു പോലും കുണ്ഠിതമില്ല. കാരണം അവരിലും ആ സ്വഭാവം കാണപ്പെടുന്നു. തെററിനെ ന്യായീകരിക്കാതെ അതു നീക്കുവാൻ യത്നിക്കണം. അനീതിയെ വെറുക്കുന്ന സ്വഭാവത്തിലേക്കു മനുഷ്യർ മാറണം. നീതിബോധം ബാല്യത്തിലേ ലഭിച്ചില്ലെങ്കിൽ വളർന്നു വരുമ്പോൾ അതു പ്രാവർത്തികമാക്കുക പ്രയാസമായിരിക്കും. കുടുംബത്തിൽ നിന്നു തന്നെ കുട്ടികൾക്കു നീതിസാരം ലഭിക്കണം. വിദ്യാലയങ്ങളിൽ നിന്നു പഠിക്കേണ്ട പാഠങ്ങളിൽ അതിനു ഊന്നൽ കൊടുക്കണം.

അടുത്ത സമയത്തു വിഷമദ്യം കുടിച്ച് നിരവധിപേർ മരിക്കയും അനേകർക്കു അംഗവൈകല്യം സംഭവിക്കയും ചെയ്തു. അഭിഹിത മാർഗ്ഗത്തിൽ കൂടെ അമിത ലാഭം പ്രതീക്ഷിച്ച് ചെയ്ത പ്രവർത്തിയുടെ ഫലം എന്തായിരുന്നു ? നിരപരാധികളാണ്; അവരുടെ കുടുംബങ്ങളാണ് ഇതിനിരയായതു എന്നു പറയാവുന്നതല്ല. അവർ മദ്യം കുടിക്കരുതെന്ന നിയമത്തെ ലംഘിച്ചവരാണ്. ദൈവ സന്നിധിയിൽ അവർ രണ്ടു പക്ഷക്കാരും അതിനു കൂട്ടു നിന്നവരും കുററക്കാർ തന്നെ. ഇതിനു മുൻപും ഇതുപോലെയുള്ള ദുരന്തങ്ങൾ സംഭവിച്ചിട്ടുള്ളതാണ്.

★

# ആരാണ് പാപി ?

J. C. ചോട്ട്

പലപ്പോഴും പറഞ്ഞു കേൾക്കാത്ത വാക്കുകൾ പലതുണ്ട്. പാപം, പാപി, ദോഷ്ക്ക്, ദുഷ്ടത, വഷളത്വം എന്നീ പദങ്ങൾ അപൂർവ്വമായേ നാം കേൾക്കാറുള്ളു. ഈ പ്രവർത്തികൾ എല്ലാ സമൂഹത്തിലും ഉടനീളം നടക്കുന്നുണ്ട്. എങ്കിലും സ്ത്രീകളിലും പുരുഷന്മാരിലും അത്ര ഗൗരവമായ തെററായി ഗണിക്കപ്പെടുന്നില്ല. മനുഷ്യരിൽ ഇന്നും പാപ സ്വഭാവം നിലനില്ക്കുന്നതായി അവരുടെ ജീവിതം എടുത്തു കാണിക്കുന്നു. പാപം എന്നതു ഇന്നു ഒരു സാധാരണ സംഭവമായി മാറിയിരിക്കയാണ്. ചെറുതായാലും വലുതായാലും അതു തെററുതന്നെയെന്നു സമ്മതിക്കണം.

ദൈവ വചനത്തിൽ പാപത്തെ നിർവ്വചിച്ചിരിക്കുന്നതു ഇങ്ങനെയാണ്: ''പാപം ചെയ്യുന്നവൻ അധർമ്മവും ചെയ്യുന്നു. പാപം അധർമ്മം തന്നെ'' (1 യോഹന്നാൻ 3:4). അതേ ലേഖനത്തിൽ തന്നെ പറയുന്നതു: സകല പാപവും അനീതിയാകുന്നു എന്നാണ് (1 യോഹന്നാൻ 5:17). പാപം ചെയ്യുന്നവൻ പിശാചിൽ നിന്നുള്ളവൻ; അവൻ ആദിമുതൽ പാപം ചെയ്യുന്നു (1 യോഹന്നാൻ 5:8). നിയമവിരുദ്ധമായി ചെയ്യുന്ന എന്തും പാപമാണ്. ചെയ്യാൻ പറഞ്ഞിരിക്കുന്നതു ചെയ്യാതിരുന്നാലും ചെയ്യരുത് എന്നു പറഞ്ഞിരിക്കുന്നതു ചെയ്താലും അധർമ്മം തന്നെയാണ്. ലോകത്തിൽ നടക്കുന്നതു ഇതു തന്നെയാണ്.

ദൈവേഷ്ടത്തിനു വിരുദ്ധമായിട്ടുള്ള എന്തും ഈ ഗണത്തിൽ പെടുന്നതാണ്. ആകയാൽ പാപം മോശവും തെററും മ്ലേച്ഛവുമാണ് എന്നു വ്യക്തമാണ്. തിരിച്ചറിവുള്ള ഏതൊരാളിലും പാപത്തിന്റെ കുററം ഉണ്ടാകും. ഒരു വ്യത്യാസവുമില്ല; സകല മനുഷ്യരും പാപം ചെയ്തു

ദൈവ തേജസ്സില്ലാത്തവരായി തീർന്നു എന്നു അപ്പൊസ്തലനായ പൌലൊസ് പറയുന്നു (റോമർ 3:23). ആ പാപികളുടെ കൂട്ടത്തിൽ നുണ പറയുന്നവരെയും നിരപരാധികളുടെ രക്തം ചിന്തുന്നവരേയും ഉൾപ്പെടുത്തിയിട്ടുണ്ട്. തെററിൽ നിന്നു ശരി തിരിച്ചറിയുന്നതിനുള്ള കഴിവുള്ളവരെയാണ് ഇവിടെ പറയുന്നതു. ശിശുക്കളെയും ബാല്യക്കാരെയും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. നിങ്ങൾ തിരിഞ്ഞു ശിശുക്കളെ പോലെ ആയി വരുന്നില്ലെങ്കിൽ നിങ്ങൾക്കു ദൈവരാജ്യത്തിൽ കടപ്പാൻ സാദ്ധ്യമല്ല എന്നു ക്രിസ്തു പഠിപ്പിച്ചിരിക്കുന്നു (മത്തായി 18:3).

എല്ലാവരും പാപികൾ ആണെങ്കിൽ ഈ പാപത്തിൽ നിന്നു നമുക്കു എങ്ങനെ മോചനം പ്രാപിക്കാം ? കാരണം പാപത്തിനു ശിക്ഷയുണ്ടല്ലൊ. നിയമം ലംഘിക്കുന്നവരെ ശിക്ഷിക്കണമല്ലൊ. പാപത്തിൻെറ ശിക്ഷ മരണമാണ്. ആ മരണം ഒഴിവാക്കുവാൻ സാദ്ധ്യമല്ല അതുകൊണ്ടു ദൈവം തൻെറ ഏക ജാതനായ പുത്രനെ അതിനായി നിയോഗിച്ചു. ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കു വേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹം പ്രകടിപ്പിച്ചു (റോമർ 5:8-9). നമുക്കു സംഭവിക്കേണ്ട നിത്യ വേർപാട് ഒഴിവാക്കുവാനായി ദൈവം ചെയ്ത പ്രവർത്തി നിമിത്തം ദൈവ സ്വഭാവത്തെ നാം മനസ്സിലാക്കണം.

യേശു ഈ ലോകത്തിൽ വന്നു ക്രൂശിൽ മരിച്ചതു പാപികളെ ശിക്ഷിക്കാതെ പാപം ക്ഷമിച്ചു കൊടുക്കുവാനായിരുന്നു. അതാണ് ആത്മാവിൻെറ രക്ഷ. ദൈവ കോപത്തിൽ നിന്നു രക്ഷ നേടുക എന്നതു വലിയ ഭാഗ്യമാണ്. ക്രിസ്തുവിൻെറ രക്തത്താലുള്ള നീതീകരണമാണ് അതിനുള്ള വഴി. എന്നാൽ ക്രിസ്തുവിൻെറ മരണം നമ്മുടെ ജീവിതത്തിൽ നാം എങ്ങനെ പ്രായോഗികമാക്കും ?

ക്രിസ്തുവിൽ അവൻ ചിന്തിയ രക്തത്താൽ നമ്മുടെ പാപങ്ങളാം കഴുകപ്പെടണം. അവന്റെ മരണത്തോടു ഏകീഭവിക്കുവാനായി ദൈവം കല്പനയും തന്നിട്ടുണ്ട്. അവന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയിൽ നാം പങ്കാളികളാകണം. അതിനായുള്ള കല്പനയാണ് സ്നാനം. ശൗൽ മാനസാന്തരപ്പെട്ടു കഴിഞ്ഞപ്പോൾ അനന്യാസ് എന്ന സുവിശേഷകൻ പറയുന്നതു: ഇനി താമസിക്കുന്നതു എന്ത് ? എഴുന്നേററു കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ച് പ്രാർത്ഥിച്ച് സ്നാനം ഏററു നിന്റെ പാപങ്ങളെ കഴുകി കളക എന്നത്രേ (പ്രവൃത്തി 22:16). യേശുവിന്റെ യാഗം ദൈവത്തിനു പ്രസാദകരമായി തീർന്നു. എന്നാൽ നമുക്ക് അതിൽ വിശ്വാസം ഉണ്ടായി, അതിനോടു ബന്ധപ്പെടണം (മർക്കൊസ് 16:15,16).

ഒരാൾ കർത്താവിനാൽ രക്ഷിക്കപ്പെടുമ്പോൾ ആ വ്യക്തിയെ കർത്താവ് തന്റെ സഭയിലേക്കു ചേർക്കുന്നു (റോമർ 6:1-4; പ്രവർത്തി 2:47) അതിനു ശേഷവും അയാൾ ജഡത്തിൽ വസിക്കുന്നതുകൊണ്ടു അയാൾ പാപിയല്ല എന്നു പറയാൻ അയാൾക്കു കഴിയുകയില്ല. ചിന്തയിലും സ്വഭാവത്തിലും പ്രവർത്തിയിലും അറിയാതെ സംഭവിക്കുന്നതാണല്ലൊ പാപം. അതു നാം വിസ്മരിക്കരുത്. സ്വയ നീതീകരണം ദൈവ സന്നിധിയിൽ വിലപ്പോവുകയില്ല. നാം തെററുകാരല്ല എന്നു നാമല്ല, മറിച്ച് ദൈവമാണ് പറയേണ്ടത്. നമ്മിൽ പാപമില്ല എന്നു നാം പറയുന്നുവെങ്കിൽ നാം നമ്മെ തന്നെ വഞ്ചിക്കുന്നവരായി തീരുന്നു.

അപ്പൊസ്തലനായിരുന്ന യോഹന്നാൻ തന്റെ ലേഖനത്തിൽ വിവരിച്ചിരിക്കുന്നതു മനസിലാക്കുക. ''ദൈവം വെളിച്ചമാകുന്നു; അവനിൽ ഇരുട്ടു ഒട്ടും ഇല്ല എന്നുള്ളതു ഞങ്ങൾ അവനോടു കേട്ടു നിങ്ങളോടു അറിയിക്കുന്ന ദൂതാകുന്നു. അവനോടു കൂട്ടായ്മ ഉണ്ടു എന്നു പറയുകയും

ഇരുട്ടിൽ നടക്കയും ചെയ്താൽ നാം ഭോഷ്ക്കു പറയു ന്നു. സത്യം പ്രവർത്തിക്കുന്നതുമില്ല. അവൻ വെളിച്ച ത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നു വെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട്; അവൻെറ പു ത്രനായ യേശുവിൻെറ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. നമുക്കു പാപം ഇല്ല എന്നു നാം പറയുന്നുവെങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു; സ ത്യം നമ്മിൽ ഇല്ലാതെയായി. നമ്മുടെ പാപങ്ങളെ ഏററു പറയുന്നുവെങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്ക വണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു. നാം പാ പം ചെയ്തിട്ടില്ല എന്നു പറയുന്നുവെങ്കിൽ അവനെ അസ ത്യവാദിയാക്കുന്നു; അവൻെറ വചനം നമ്മിൽ ഇല്ലാതെയാ യി (1 യോഹന്നാൻ 1:5-10).

പൊതുവിൽ നാം എല്ലാവരും പാപികൾ ആണെങ്കി ലും പാപത്തിൽ നിന്നു നമുക്കു ക്ഷമാപണം ലഭിക്കുവാ നുള്ള വഴി ദൈവം വെളിപ്പെടുത്തിയിട്ടുണ്ട്. ക്രിസ്തു വിൻെറ വചനം വിശ്വസിച്ച് പ്രമാണിച്ചാൽ ദൈവം നമ്മു ടെ പാപങ്ങൾ ക്ഷമിക്കുന്നു. പിന്നീട് നാം വിശ്വസ്തത യോടെ ജീവിക്കയും വേണം. ക്രിസ്തുവിൻെറ രക്തം അ ങ്ങനെ ജീവിക്കുന്നവരുടെ പാപങ്ങളെ മോചിക്കുന്നു. ശു ദ്ധീകരണവും നീതീകരണവും സത്യത്തെ അനുസരിക്കു ന്നവർക്കുള്ളതാണ്. വിശുദ്ധവും നിർമ്മലവുമായ ഒരു ഹൃദയം നല്കുവാൻ ദൈവത്തിനേ കഴിയൂ.

നിങ്ങൾ കർത്താവിൻെറ വചനം കേട്ടു, വിശ്വസിച്ച്, പാപങ്ങളിൽ നിന്നു തിരിഞ്ഞു ക്രിസ്തു ദൈവ പുത്ര നെന്ന വിശ്വാസം ഏററു പറഞ്ഞു, പാപമോചനത്തിനു വേണ്ടിയുള്ള സ്നാനം ഏല്ക്കുകയും കർത്താവിനാൽ ര ക്ഷിക്കപ്പെടുകയും ചെയ്യും എന്നു ഞങ്ങൾ പ്രത്യാശിക്കു ന്നു.

★

# യുവാക്കൾക്കുവേണ്ടി

ഇതാ ഒരുവൻ വിളിച്ചു പറയുന്നു:- ''യൌവനക്കാരാ നിന്റെ യൌവനത്തിൽ സന്തോഷിക്ക; യൌവന കാലത്തിൽ നിന്റെ ഹൃദയം ആനന്ദിക്കട്ടെ; നിനക്കു ഇഷ്ടമുള്ള വഴികളിലും നിനക്കുബോധിച്ചവണ്ണവും നടന്നു കൊൾക''

യൌവന പ്രായത്തിൽ മനുഷ്യ ഹൃദയം ചാഞ്ചാടുന്ന കുരങ്ങിനെപ്പോലെയാണ്. പലപ്പോഴും ശരിയും തെററും തമ്മിൽ വിവേചിച്ചറിയാൻ കഴിഞ്ഞില്ല എന്നു വരുന്നു. യൌവനത്തിൽ കാണിക്കുന്ന വികൃതികളൊക്കെ തന്റെ ഹൃദയം സന്തോഷിക്കണമെന്ന താല്പര്യത്തിലാണ്. പിൽക്കാലജീവിതത്തിൽ പലതും തെററായി തോന്നുമെങ്കിലും യൌവനത്തിൽ തെററുകാണുവാൻ കഴിഞ്ഞില്ലെന്നുവന്നേക്കാം. കാരണം ആ പ്രായത്തിന്റെ പ്രത്യേകതയാണത്. അങ്ങനെ ഹൃദയാനന്ദത്തിനു വേണ്ടി ദാഹിക്കുന്ന യൌവനക്കാരനോടു ജ്ഞാനിയായ ഒരു മഹാൻ വിളിച്ചു പറയുന്നു. ''യൌവനത്തിൽ നിനക്കു ഇഷ്ടമുള്ള വഴികളിലും നിനക്കു ബോധിച്ചവണ്ണവും നടന്നു കൊൾക'' എന്ന്. യുവാക്കൾക്ക് എത്ര സന്തോഷകരമായ വാക്കുകളാണിവ. ആരാണ് ഇപ്രകാരം വിളിച്ച് പറയുന്നത്? ജ്ഞാനിയായ ശലോമോൻ തന്നെ.

ബൈബിളിൽ സഭാപ്രസംഗി പതിനൊന്നാം അദ്ധ്യായം ഒൻപതാം വാക്യത്തിലാണ് മേൽപറഞ്ഞ പ്രസ്താവന. ഒരു ജ്ഞാനിയുടെ വാക്കുകളാകയാൽ അവ സ്വീകരിക്കുന്നതിൽ ഒരു തെററുപറയാനുമില്ല. അവിടംകൊണ്ടു തനിക്കു പറയുവാനുള്ളതു പറഞ്ഞു അവസാനിപ്പിച്ചിരുന്നെങ്കിൽ സ്ഥിതി എന്താകുമായിരുന്നു! എന്നാൽ ജ്ഞാനി പിന്നെയും തുടരുകയാണ്. ''എന്നാൽ ഇവ ഒക്കെയും നിമിത്തം ദൈവം നിന്നെ ന്യായവിസ്താരത്തിലേക്കു വരുത്തും എന്നറിക''. പിന്നെയും പറയുന്നു ''ബാല്യവും

യൌവനവും മായ അത്രേ'' എന്ന്. ബാല്യത്തിലും യൌവനത്തിലും അംഗീകരിപ്പാൻ ഇഷ്ടപ്പെടാത്ത ശബ്ദമാണെങ്കിലും ഓർത്തുകൊൾക. ''ബാല്യവും യൌവനവും മായ അത്രേ''. കേവലം നിഴൽ പോലെ വരുന്നു; അതു പോലെ പോകുന്നു. അവിടംകൊണ്ടു കാര്യങ്ങൾ തീരുന്നില്ല. ഒരു ദിവസം താങ്കളെ ന്യായവിസ്താരത്തിലേക്കു വരുത്തും.

ഒരു പക്ഷെ താങ്കൾ ഇന്നു ദൈവത്തിൽ വിശ്വസിക്കുന്ന വ്യക്തി അല്ലായിരിക്കാം. എങ്കിലും ന്യായവിസ്താരത്തിലേക്കു വന്നേ മതിയാവൂ. അതിൽ നിന്നു ഒഴിഞ്ഞു നില്പാൻ ആർക്കും സാധ്യമല്ല.

'ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കുന്നു' എബ്രാ. 9:27. രണ്ടു നിയമങ്ങളാണ് (1) മരണം (2) ന്യായവിധി. യൌവനത്തിൽ മരണം പിടികൂടി എന്നു വരാം. ഒരു പക്ഷേ വാർദ്ധക്യത്തിലാണ് മരണം എന്നും വരാം. എന്നാൽ ഒരു ന്യായവിധി ഉണ്ട് എന്നത് നിശ്ചയമാണ്. ആ ന്യായവിധി ദിവസത്തിൽ നില്പാൻ ഒരു മനുഷ്യനും ധൈര്യമില്ലാതാകും. ഒരു രക്ഷാമാർഗ്ഗം ഇതാ- ''ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയും ഇല്ല'' റോമ. 8:1.

പ്രിയ സുഹൃത്തേ, താങ്കൾ ക്രിസ്തുയേശുവിലാണോ. അല്ലായെങ്കിൽ ഇപ്പോൾ അതിനു അവസരമുണ്ട്. ഇപ്പോൾ, ജീവനോടെ ആയിരിക്കുമ്പോൾ ക്രിസ്തുയേശുവിൽ ആയിത്തീരാം. എങ്ങനെ ? ''യേശുവിനെ വിശ്വസിക്കയും ഏററു പറകയും മാനസാന്തരപ്പെട്ട് പാപമോചനത്തിനായി യേശുക്രിസ്തുവിൻെറ നാമത്തിൽ സ്നാനമേല്ക്കയും ചെയ്യുക. അപ്പോൾ കർത്താവു നിങ്ങളെ രക്ഷിക്കും.

*

# ജീവനും മരണത്തിനും ഇടയിൽ

**ജോണി രാംസെ**

മനുഷ്യരെ നമുക്കു രണ്ടായി തരം തിരിക്കാവുന്നതാണ്. ജീവനുള്ളവരും മരിച്ചവരുമുണ്ട്. "മോശെയും അഹരോനും അവരുടെ കാലയളവിൽ മരിച്ചവരേയും ജീവനുള്ളവരേയും വേർതിരിക്കുന്നതായി നമുക്കു ഗ്രഹിക്കാൻ കഴിയുന്നുണ്ട് (സംഖ്യാപുസ്തകം 16:48). കോരഹും തന്റെ കൂടെയുണ്ടായിരുന്നവരും ശരിയല്ലാത്ത മനോഭാവവും ഉദ്ദേശവും വച്ചു പുലർത്തിയവരായിരുന്നു. അവരുടെ മത്സരം നിമിത്തം അവർക്കു നാശം സംഭവിച്ചു. അവരുടെ മോശമായ തീരുമാനത്തിന്റെ അനന്തര ഫലം അവരുടെ ലക്ഷ്യസ്ഥാനത്തേയും മാററി മറിച്ചു. പ്രാകൃത മനസിൽ കടന്നു വരുന്ന ദുഷ്ട ചിന്താഗതികൾ വരുമ്പോൾ തന്നെ അതു പിശാചിൽ നിന്നാണെന്നു നാം വിചാരിക്കണം. പാപം മരണകരമായ ഒരു രോഗമാണ്. പൊള്ളയായ ആശയങ്ങൾ മനസിൽ ഉദിപ്പിച്ച് നമ്മെ നശിപ്പിക്കുമ്പോൾ സാത്താൻ അതിൽ ആനന്ദം കൊള്ളുന്നു.

ജ്ഞാനിയുടെ ഉപദേശം ജീവന്റെ ഉറവാകുന്നു. അതിനാൽ മരണത്തിന്റെ കണികളെ ഒഴിഞ്ഞു പോകും (സദൃശവാക്യങ്ങൾ 13:14). ദ്രോഹിയുടെ വഴി ദുർഘടം തന്നെ. ഭോഷന്മാർക്കു കൂട്ടാളിയായവനോ വ്യസനിക്കേണ്ടി വരും. ശരീരത്തിൽ വസിക്കുന്ന ഏവനും ഈ ലോക ജീവിതവുമായി ബന്ധപ്പെട്ടാണിരിക്കുന്നതു. സത്യസന്ധതയും ആത്മാർത്ഥതയും എന്നൊക്കെ നാം പറയാറുണ്ടല്ലോ. ജീവിതത്തിൽ അതിനുള്ള പ്രത്യേകത വളരെ വലുതാണ്. ഭോഷന്മാരെ അകൃത്യയാഗം പരിഹസിക്കുന്നു; നേരുള്ളവർക്കോ തമ്മിൽ പ്രീതിയുണ്ട്. ഹൃദയം സ്വന്ത ദുഃഖത്തെ അറിയുന്നു; അതിന്റെ സന്തോഷത്തിലും അന്യ

ൻ ഇടപെടുന്നില്ല. ദുഷ്ടന്മാരുടെ വീടു മുടിഞ്ഞുപോകും; നീതിമാന്റെ കൂടാരമോ തഴെക്കും (സദൃശവാക്യങ്ങൾ 14:9-20).

ജീവനും മരണത്തിനും ഇടയിൽ കിടക്കുന്ന ധാരാളം ആളുകൾ ഉണ്ട്. ചിലർ നന്മക്കായി ജീവിക്കുന്നു. മററു ചിലർ നന്മ ചെയ്യുന്നവരെ അനുഗമിക്കുന്നുണ്ട്. മററുള്ളവർ ദുഷ്ടതയെ പിൻപററുന്നു. ഭൂരിപക്ഷത്തെ നോക്കി അവരെ പിൻ പററുന്നവരാണ് അധികവും. അവരെ അന്ധമായി അനുഗമിക്കയാണ് അത്രയും പേർ. നശിക്കുകയാണെങ്കിൽ അവരുടെ കൂടെ നശിച്ചോളാം എന്ന തത്വത്തെ മുറുകെ പിടിക്കുന്നവരുമുണ്ട്. എന്നാൽ അവർ അവസാനം ചെന്നെത്തുന്നതു യാതനാസ്ഥലത്തായിരിക്കും. എന്നാൽ ബുദ്ധിയോടെ പ്രവർത്തിക്കുന്നവർ ചുരുക്കം ചില പേരോടു കൂടെ ഇടുങ്ങിയ വഴിയിൽ കൂടെ സഞ്ചരിക്കും. അവർ അവസാനം സ്വർഗ്ഗീയ മഹത്വം അലങ്കരിക്കപ്പെടും (മത്തായി 7:13-14). അനേകർ പോകുന്നതു നാശത്തിലേക്കാണെന്നു പറഞ്ഞാൽ അവർ സമ്മതിക്കയില്ല. എന്നിരുന്നാലും അതു സത്യമാണ്.

സങ്കീർത്തനത്തിൽ വായിക്കുന്നതു എത്ര സത്യമാണ്! ''എന്നാൽ നിന്നെ ശരണം പ്രാപിക്കുന്നവരെല്ലാവരും സന്തോഷിക്കും; നീ അവരെ പാലിക്കുന്നതുകൊണ്ടു അവർ എപ്പോഴും ആനന്ദിച്ചാർക്കും. നിന്റെ നാമത്തെ സ്നേഹിക്കുന്നവർ നിന്നിൽ ഉല്ലസിക്കും (സങ്കീർത്തനങ്ങൾ 5:11). ദൈവത്തെ കോപിപ്പിക്കുന്നവർക്കു ശിക്ഷയും ദൈവത്തെ പ്രസാദിപ്പിക്കുന്നവർക്കു സന്തോഷവും അവൻ നല്കും.

കുട്ടികൾ അവരുടെ ആത്മിയ പാത തിരഞ്ഞെടുക്കുവാൻ അവരെ സഹായിക്കേണ്ടവരാണ് മാതാപിതാക്കൾ. അവരുടെ ജീവിതത്തെ വാർത്തെടുക്കുന്നതിൽ അപ്പനും അമ്മ

ക്കും വളരെ ഉത്തരവാദിത്വമുണ്ട്. അവരുടെ ജീവനും മരണത്തിനുമിടക്കു നില്ക്കുന്നവരായതുകൊണ്ട് അവരുടെ ആത്മീയ കർത്തവ്യം ഒഴിച്ചുകൂടാനാവാത്തതാണ്. ദൈവത്തിന്റെ കൃപാ സുവിശേഷം അനുസരിച്ച് ലക്ഷക്കണക്കിനാളുകൾ സ്വർഗ്ഗീയ ലക്ഷ്യത്തിൽ പ്രവേശിച്ചിട്ടുണ്ട്, കാരണം അവരുടെ അപ്പനമ്മമാർ അവരെ കർത്താവിന്റെ പത്ഥ്യോപദേശത്തിലും ബാലശിക്ഷയിലും വളർത്തി (പ്രവൃത്തി 20.24). ബലഹീനരും പാപികളുമായ മാതാപിതാക്കളുടെ നിരുത്തരവാദിത്വം നിമിത്തം ആയിരക്കണക്കിനു ആളുകൾ നാശത്തിലേക്കും പോയിട്ടുണ്ട്.

വചന പരിജ്ഞാനവും വിശ്വാസ സ്ഥിരീകരണവുമുളള മാതാപിതാക്കളാണ് നമുക്ക് എല്ലാവർക്കും ഉളളതെങ്കിൽ അതിന്റെ ഫലം നമുക്ക് അനുഭവിക്കാൻ കഴിയും. ഹന്നാ, ലോവിസ്, യൂനിക്ക തുടങ്ങിയ അമ്മമാർ അവരുടെ കടമ നിർവ്വഹിച്ചവരാണ്. ഇന്നു അവരെപ്പോലെയുള്ള സഹോദരിമാർ ഉണ്ടെങ്കിൽ ശമുവേൽ, യോശുവ, തിമൊഥെയോസ് എന്നീ ഉപദേഷ്ടാക്കളെ പോലുളളവർ ഉണ്ടാകുമായിരുന്നു. രക്ഷകർത്താക്കൾ തങ്ങളുടെ ഭവനത്തിൽ സുവിശേഷ വേല ചെയ്യുമ്പോൾ അതു സമൂഹത്തിനു പ്രയോജനപ്പെടും.

ക്രിസ്ത്യാനികൾ ലോകത്തിന്റെ വെളിച്ചമായിരിക്കണം. മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല (മത്തായി 5:14). സുവിശേഷകന്മാർ നില്ക്കുന്നതു ജീവന്റെയും മരണത്തിന്റെയും ഇടക്കാണ്. സത്യം തുറന്നു പറയുമ്പോൾ ആത്മാക്കൾ സ്വതന്ത്രരായി തീരുന്നു. ദൈവത്തിന്റെ ആലോചന മുഴുവൻ അറിയിക്കാതിരുന്നാൽ ഫലമെന്തായിരിക്കും? ആത്മാക്കൾ നഷ്ടപ്പെടും. മനുഷ്യരെ പ്രസാദിപ്പിക്കുന്ന സേവനമല്ല മറിച്ച് ദൈവത്തെ പ്രസാദിപ്പിച്ചുകൊണ്ടുളള സേവനമാണ് ആവശ്യം. സുവിശേഷകന്മാർ ഭീരുക്കളാകരുത്. ഭൗതികമായ നിലനില്പിനു വേണ്ടിയായിരിക്കരുത് അവരുടെ പ്രവർത്തനം.

ന്യായവിധി നാളിൽ യജമാനനും ന്യായാധിപനുമായ കർത്താവിന്റെ മുൻപിൽ നില്ക്കേണ്ടവരാണ് എല്ലാവരും. എന്റെ ആയുസിൽ ഞാൻ നിമിത്തം ഒരാത്മാവു പോലും നഷ്ടപ്പെടരുത് എന്നായിരിക്കണം നമ്മുടെ ചിന്ത.

സുവിശേഷം മനുഷ്യരുടെ ജീവനും മരണത്തിനും ഇടക്കുള്ളതാണ്. ജീവങ്കലേക്കും മരണത്തിലേക്കും വേർതിരിക്കുന്ന ശക്തമായ ഒന്നാണ് സത്‌വാർത്ത. നിത്യവേദന, നിത്യദുഃഖം, നിത്യമരണം എന്നിവയെ കുറിച്ച് നമുക്കു ആലോചിക്കാൻ തന്നെ പ്രയാസമാണ്. അതൊഴിവാക്കുവാൻ ദൈവം ഒരുക്കിയ വഴി സുവിശേഷം അല്ലാതെ മറ്റൊന്നല്ല. അനുസരണം എന്നതു നമ്മുടെ ഭാഗത്തുനിന്നുണ്ടാകണം. ഇല്ലെങ്കിൽ അതിന്റെ പ്രയോജനം നമുക്കു കിട്ടുകയില്ല (2 തെസലൊനീക്യർ 1:7-9).

ദുഷ്ടന്മാരുടെ, ദുഷ്ടത വിട്ടു തിരിഞ്ഞു മനസാന്തരപ്പെട്ട് നേർ വഴിക്കു തിരിയുവാൻ അവരെ ഓർപ്പിച്ചുണർത്താതിരിക്കുന്ന ഉപദേഷ്ടാക്കന്മാർ സൂക്ഷിക്കുക. അങ്ങനെ നഷ്ടപ്പെട്ടു പോകുന്ന ആത്മാക്കളുടെ രക്തം ദൈവം ഈ ഉപദേഷ്ടാക്കന്മാരോടു ചോദിക്കും. സുവിശേഷകന്മാർ തങ്ങളുടെ കർത്തവ്യം ശരിയായി നിർവ്വഹിക്കണം (യെഹസ്കേൽ 3:17-20). മൗനമായിരിക്കാൻ ദൈവം പറയുമ്പോൾ നാം അതുപോലെ നില്ക്കണം. സംസാരിക്കുവാൻ ആജ്ഞാപിക്കുമ്പോൾ നാം ഒരിക്കലും മൗനം അവലംബിക്കരുത്.

യേശുക്രിസ്തുവും ദൈവത്തിന്റെ രക്ഷാപദ്ധതിയും ജീവനും മരണത്തിനും ഇടയിൽ നില്ക്കുന്നു. പാപത്തിൽ മരിക്കുന്നവർക്കു നിത്യതയിൽ യേശുക്രിസ്തുവും വീണ്ടെടുക്കപ്പെട്ടവരുമായി ജീവിക്കാൻ സാദ്ധ്യമല്ല (യോഹന്നാൻ 8:21).

★

# വാർത്തകൾ

## അനുഗ്രഹവർഷവുമായി ദിവ്യകാരുണ്യ കോൺഗ്രസിന് പരിസമാപ്തി

സ്വർഗീയ വരപ്രസാദത്തിന്റെ മൂന്നു രാപകലുകളിൽ പകർന്നു കിട്ടിയ ദിവ്യകാരുണ്യ ചൈതന്യം ഹൃദയത്തിലേക്കാവാഹിച്ച് കേരള സഭ നവ സഹസ്രാബ്ദത്തിലേക്ക് കാൽവരിയിലെ സ്നേഹയാഗത്തിന്റെ അനുസ്മരണയും കൗദാശിക ആവർത്തനവുമായ ദിവ്യബലിയോടും ദിവ്യകാരുണ്യ പ്രദക്ഷിണത്തോടും കൂടി കേരള കത്തോലിക്കാ സഭയുടെ ത്രിദിന ദിവ്യകാരുണ്യ കോൺഗ്രസ് പര്യവസാനിച്ചു.

കാൽലക്ഷം പേരെ ഉൾക്കൊള്ളാവുന്ന ദിവ്യകാരുണ്യ നഗറും (സെയ്ന്റ് അൽബർട്സ് ഗ്രൗണ്ട്) കവിഞ്ഞ് റോഡിലും സമീപ കെട്ടിടങ്ങളിലും തിങ്ങിനിറഞ്ഞ വൻ ഭക്തജന സഞ്ചയം സമാപന തിരുക്കർമ്മങ്ങളിൽ പങ്കുചേർന്നു.

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ അധ്യക്ഷനും ദിവ്യകാരുണ്യ കോൺഗ്രസ് ചെയർമാനുമായ വരാപ്പുഴ മെത്രാപ്പോലീത്ത ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ സമാപന സമൂഹ ദിവ്യബലിയിലും ഇന്ത്യയിലെ അപ്പോസ്തലിക് പ്രോനുൺഷ്യോ (വത്തിക്കാൻ സ്ഥാനപതി) ആർച്ച് ബിഷപ്പ് ഡോ. ലൊറെൻസോ ബാൽദിസ്സേരി ദിവ്യകാരുണ്യ പ്രദക്ഷിണത്തിലും മുഖ്യ കാർമികത്വം വഹിച്ചു.

# ഇസ്രായേലിനെ ഒററപ്പെടുത്തുക: ഇസ്ലാമിക് കോൺഫറൻസ്

പലസ്തീനെതിരെ ആക്രമണം നടത്തുന്ന ഇസ്രായേലുമായി എല്ലാ ബന്ധങ്ങളും വിച്ഛേദിക്കാൻ ഒൻപതാമത് ഇസ്ലാമിക ഉച്ചകോടി ആഹ്വാനം ചെയ്തു. ഇസ്ലാമിക് കോൺഫറൻസിലെ 56 അംഗരാഷ്ട്രങ്ങളുടെയും സംഘടനകളുടെയും ഉന്നതനേതാക്കൾ പങ്കെടുക്കുന്ന ഉച്ചകോടി, പലസ്തീനും സമ്പൂർണ പിന്തുണ വാഗ്ദാനം ചെയ്തു. ഖത്തർ അമീർ ഷേക്ക് ഹമദ് ബിൻ ഖലീഫ അൽ-താനി ഉച്ചകോടി ഉദ്ഘാടനം ചെയ്തു.

പലസ്തീനികളെ കൊന്നൊടുക്കുന്ന ഇസ്രയേലിനു തക്ക ശിക്ഷ നൽകാൻ മുസ്ലീം രാജ്യങ്ങൾ തയാറാകണമെന്ന് ഇറാൻ പ്രസിഡൻറും ഇസ്ലാമിക് കോൺഫറൻസ് അധ്യക്ഷനുമായ മുഹമ്മദ് ഖട്ടാമി ആവശ്യപ്പെട്ടു. 'മുസ്ലീം ലോകം' എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനു വേണ്ടി രംഗത്തിറങ്ങേണ്ട ഏററവും അടിയന്തര സന്ദർഭമാണിതെന്ന് അദ്ദേഹം ഓർമിപ്പിച്ചു. ഈ ഉച്ചകോടിയോടെ ഖട്ടാമി ഇസ്ലാമിക് കോൺഫറൻസ് അധ്യക്ഷസ്ഥാനമൊഴിയും. ഖത്തറിനാണ് ഇനി അധ്യക്ഷസ്ഥാനം ലഭിക്കുക.

ലോകമെങ്ങുമുള്ള പത്തുലക്ഷത്തിലേറെ മുസ്ലീംകളുടെ നേതാക്കൾ പങ്കെടുക്കുന്ന ഉച്ചകോടിയുടെ പ്രധാന ചർച്ചാവിഷയം ഇസ്രയേൽ-പലസ്തീൻ പോരാട്ടമാണ്. ഉച്ചകോടിയിൽ പങ്കെടുക്കാൻ ആദ്യമെത്തിയ നേതാക്കളിൽ ഒരാൾ പലസ്തീൻ പ്രസിഡൻറ് യാസർ അറഫാത്തായിരുന്നു. അമേരിക്കൻ പ്രസിഡൻറ് ബിൽ ക്ലിൻറനുമായി ചർച്ച നടത്തിയശേഷമാണ് അറഫാത്ത് ദോഹയിലെത്തിയത്.

# ഫ്ളോറിഡയിൽ വോട്ടുകൾ കൈകൊണ്ട് എണ്ണുന്നു

അമേരിക്കൻ പ്രസിഡൻറ് തെരഞ്ഞെടുപ്പിൽ ആരു വിജയിക്കുമെന്ന പ്രശ്നം കൂടുതൽ സങ്കീർണമായി. നിർണായക പ്രാധാന്യമുള്ള ഫ്ളോറിഡയിലെ വോട്ടുകൾ കംപ്യൂട്ടർ എണ്ണലിനു പകരം കൈകൊണ്ട് എണ്ണിത്തന്നെ തിട്ടപ്പെടുത്താൻ ഉദ്യോഗസ്ഥർ ആരംഭിച്ചതോടെയാണിത്. എന്നാൽ, ഇതിനെതിരെ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ജോർജ് ബുഷ് ഫെഡറൽ കോടതിയെ സമീപിച്ചു. ഫ്ളോറിഡയിൽ നടന്ന രണ്ടാം വോട്ടെണ്ണലിൽ ആദ്യഭൂരിപക്ഷം കുറഞ്ഞെങ്കിലും ന്യൂ മെക്സിക്കോയിൽ ആദ്യ വോട്ടെണ്ണലിൽ മുന്നിലായിരുന്ന ഡമോക്രാറ്റിക് സ്ഥാനാർഥി അൽ ഗോറിനെ രണ്ടാം വോട്ടെണ്ണലിൽ നാടകീയമായി തോൽപ്പിക്കാൻ കഴിഞ്ഞ ജോർജ് ബുഷ് വിജയപ്രതീക്ഷ ആവർത്തിച്ചു. എന്നാൽ വരട്ടെ, വീണ്ടും വോട്ടെണ്ണിയിട്ടാകാം വിജയാഘോഷമൊക്കെ എന്നാണു ഡമോക്രാറ്റ് കക്ഷിയുടെ മറുപടി. പ്രശ്നം അങ്ങനെ നീളുന്നു.

പുനർവോട്ടെണ്ണലിൽ ഫ്ളോറിഡയിൽ ബുഷിൻെറ ഭൂരിപക്ഷം 327 വോട്ടായി കുറഞ്ഞിരുന്നു. എങ്കിലും ന്യൂ മെക്സിക്കോയിൽ വീണ്ടും വോട്ടെണ്ണിയപ്പോൾ അപ്രതീക്ഷിതമായ അട്ടിമറിയിലൂടെ 17 വോട്ടിൻെറ നേരിയ ഭൂരിപക്ഷം ബുഷിനു ലഭിച്ചു.

ഫ്ളോറിഡയിലെ രണ്ടാം വോട്ടെണ്ണലിൽ ബുഷ് ഭൂരിപക്ഷം കുറഞ്ഞിട്ടും മുന്നിൽ തന്നെയാണെന്നു വന്നപ്പോഴാണു അവിടെ കുഴപ്പമുണ്ടായ നാലു കൗണ്ടികളിലെ വോട്ട് കൈകൊണ്ടുതന്നെ എണ്ണിത്തിട്ടപ്പെടുത്തണമെന്നു ഗോർ ആവശ്യപ്പെടുകയും കോടതി അനുവദിക്കുകയും ചെയ്തതിനെ തുടന്നു കൈയെണ്ണൽ ആരംഭിച്ചത്.

## വിളകൾക്കു വിലയിടിഞ്ഞു: കാർഷിക മേഖല പ്രതിസന്ധിയിൽ

വിളകളുടെ കുത്തനെയുള്ള വില തകർച്ച കാർഷിക മേഖലയെ രൂക്ഷ പ്രതിസന്ധിയിലാക്കി. ജില്ലയിലെ പ്രധാന കൃഷികളായ റബ്ബർ, നാളികേരം, അടയ്ക്ക, കുരുമുളക് എന്നിവയുടെയെല്ലാം വില ഇടിഞ്ഞു. സമ്പദ്ഘടനയുടെ നട്ടെല്ലൊടിക്കുന്ന വിധത്തിൽ കൃഷി ഉൽപന്നങ്ങളുടെ വില കുറഞ്ഞിട്ടും കർഷകരുടെ രക്ഷയ്ക്കു നടപടിയൊന്നുമില്ല.

വെളിച്ചെണ്ണയുടെ വിലത്തകർച്ച കേര കർഷകരെ അവതാളത്തിലാക്കി. കൊപ്രയുടെ വില തറവിലയിലും താണു. കൊപ്രയ്ക്കു സർക്കാർ പുതുക്കി നിശ്ചയിച്ച തറവില 3250 രൂപയാണ്. എന്നാൽ കമ്പോളത്തിൽ 1800 മുതൽ 2100 രൂപ വരെയാണിപ്പോഴം ലഭിക്കുന്നത്. ഗ്രാമങ്ങളിൽ നാളികേരത്തിനു തീരെ വിലയില്ല. ആയിരത്തിന് 1750 രൂപ മുതൽ 2400 വരെയാണ് കിട്ടുന്നത്. അതിനു തീരെ വിപണിയില്ല.

പാമോയിലിന്റെ ഇറക്കുമതി ചുങ്കം 16.5 ശതമാനമായി കുറച്ചതോടെ ഉത്തരേന്ത്യൻ ലോബി വൻതോതിൽ പാമോയിലിൻ ഇറക്കുമതി ചെയ്തതാണു വെളിച്ചെണ്ണയുടെ വില തകർച്ചക്കു പ്രധാനകാരണം. ഇതിനുപുറമെ 22439 ടൺ വെളിച്ചെണ്ണ ഇന്തോനേഷ്യയിൽ നിന്ന് ഇറക്കുമതിയും ചെയ്തിരുന്നു. സർക്കാർ സംഭരിച്ച 60,000 ടൺ കൊപ്ര എണ്ണയാക്കി പൊതുവിപണിയിൽ എത്തിച്ചു. മാർക്കററ് ഫെഡ് കൈവശമുള്ള കൊപ്ര വെളിച്ചെണ്ണയാക്കാൻ ശ്രമം തുടങ്ങി. എണ്ണ വില ഇതുമൂലം കുറയാനാണു സാധ്യത.

*

# ബൈബിളിനെ ശരിയായി വിഭജിക്കൽ

ഗ്ലെൻ കോളെ

ബൈബിൾ ദൈവ വചനമാണല്ലോ. അതുകൊണ്ടു അതിൻെറ പ്രാധാന്യം പ്രത്യേകിച്ചു എടുത്തു പറയേണ്ട ആവശ്യമില്ല. എന്നാൽ അതിനെ ശരിയായി വിഭാഗിച്ച് മനസിലാക്കണം എന്നതു വളരെ പ്രാധാന്യമുള്ള ഒന്നാകുന്നു. ദൈവത്തിൻെറ മനുഷ്യൻ സകല സൽപ്രവൃത്തിയിലും വക പ്രാപിച്ച് തികഞ്ഞവൻ ആകേണ്ടതിനു തന്നിരിക്കുന്ന ഒന്നാണ് തിരുവെഴുത്ത്. നാം ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി വചനത്തെ യഥാർത്ഥമായി പ്രസംഗിക്കേണ്ടതാണ്. ബൈബിളിനെ എങ്ങനെ വിഭജിക്കണമെന്ന ഏതാനും വഴികൾ നമുക്കു പരിഗണിക്കാം. ശരിയായി വിഭജിച്ചില്ലെങ്കിൽ ഉണ്ടാകുന്ന പ്രശ്നങ്ങളും നോക്കാം.

ആദ്യമായി ബൈബിളിനെ പഴയ നിയമമെന്നും പുതിയ നിയമമെന്നും തരം തിരിക്കാം. പഴയ നിയമം ഇസ്രയേൽ ജനത്തിനു നല്കിയതായിരുന്നു. പുതിയ നിയമം സകല ജാതികൾക്കുമുള്ളതാണ്. ആദ്യത്തേത് പഴയതാകാൻ കാരണം രണ്ടാമത്തേതു നിലവിൽ വന്നതുകൊണ്ടാണ്. ഇവ രണ്ടും വേർ തിരിച്ച് മനസിലാക്കിയാലേ വ്യത്യാസം അറിയാൻ സാധിക്കു.

ഒരു നിയമം എന്തിനാണെന്നു ചോദിച്ചേക്കാം. ഒന്നിലധികം വ്യക്തികൾ ഉള്ള സമൂഹത്തിലെ ജീവിതം സ്വൈര്യമായിരിക്കുവാനാണ്. ജനങ്ങൾ ആരംഭത്തിൽ വർദ്ധിക്കാൻ തുടങ്ങിയപ്പോൾ അവർക്കു പാലിക്കുവാൻ ഒരു നിയമവും അവരെ അതോർമ്മിപ്പിക്കുവാൻ ഒരു നായകനേയും ദൈവം കൊടുത്തു. ജനത്തെ നയിക്കുവാൻ ദൈവ

ഞാൽ നിയോഗിക്കപ്പെട്ട ദാസനായിരുന്നു മോശെ. "മോശെ എല്ലാ യിസ്രായേലിനോടും വിളിച്ചു പറഞ്ഞതു എന്തെന്നാൽ: യിസ്രായേലേ, ഞാൻ ഇന്നു നിങ്ങളെ കേൾപ്പിക്കുന്ന ചട്ടങ്ങളും വിധികളും കേൾപ്പിൻ; അവയെ പഠിക്കയും പ്രമാണിച്ചനുസരിക്കയും ചെയ്‌വിൻ. നമ്മുടെ ദൈവമായ യഹോവ ഹോരേബിൽ വെച്ചു നമ്മോടു ഒരു നിയമം ചെയ്തുവല്ലൊ. ഈ നിയമം യഹോവ നമ്മുടെ പിതാക്കന്മാരോടല്ല, നമ്മോടു ഇന്നു ഇവിടെ ജീവനോടിരിക്കുന്ന നമ്മോടു ഒക്കെയും തന്നെ ചെയ്തതു (ആവർത്തന പുസ്തകം 5:1-3).

പഴയ നിയമം അതിന്റെ ഉദ്ദേശം നിറവേററുകയും അതിനുശേഷം നീങ്ങപ്പെടുകയും ചെയ്തു. പരിജ്ഞാനക്കുറവു നിമിത്തം ചിലർ പഴയ നിയമം ഇന്നും നിലനില്ക്കുന്നതായി വിശ്വസിക്കുന്നുണ്ട്.

തത്വജ്ഞാനവും വെറും വഞ്ചനയും കൊണ്ടു ആരും നിങ്ങളെ കവർന്നു കളയാതിരിപ്പാൻ സൂക്ഷിപ്പിൻ; അതു മനുഷ്യരുടെ സമ്പ്രദായത്തിനു ഒത്തവണ്ണം, ലോകത്തിന്റെ ആദ്യ പാഠങ്ങൾക്കു ഒത്തവണ്ണം അല്ലാതെ ക്രിസ്തുവിനു ഒത്തവണ്ണമുള്ളതല്ല. അവനിലല്ലൊ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നതു. എല്ലാ വാഴ്ചെക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു. അവനിൽ നിങ്ങൾക്കു ക്രിസ്തുവിന്റെ പരിച്ഛേദനയാൽ ജഡശരീരം ഉരിഞ്ഞു കളഞ്ഞതിനാൽ തന്നേ കൈകൊണ്ടല്ലാതെ പരിച്ഛേദനയും ലഭിച്ചു. സ്നാനത്തിൽ നിങ്ങൾ അവനോടു കൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ച ദൈവത്തിന്റെ വ്യാപാര ശക്തിയുള്ള വിശ്വാസത്താൽ അവനോടു കൂടെ നിങ്ങളും ഉയിർത്തെഴുന്നേല്ക്കയും ചെയ്തു.

അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമ്മത്തിലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ, അ

വനോടുകൂടെ ജീവിപ്പിച്ചു. അതിക്രമങ്ങൾ ഒക്കെയും ന മ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ, നമുക്കു വിരോധവും പ്രതി കൂലവുമായിരുന്ന കയ്യെഴുത്തു മായിച്ചു ക്രൂശിൽ തറെച്ചു നടുവിൽ നിന്നു നീക്കികളഞ്ഞു. വാഴ്ച്ചകളെയും അ ധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ചു ക്രൂശിൽ അവ രുടെമേൽ ജയോൽസവം കൊണ്ടാടി അവരെ പരസ്യമായി കാഴ്ച്ചയാക്കി. അതുകൊണ്ടു ഭക്ഷണ പാനങ്ങൾ സംബ ന്ധിച്ചോ, പെരുന്നാൾ, വാവ്, ശബ്ബത്ത്, എന്നീ കാര്യ ത്തിലോ ആരും നിങ്ങളെ വിധിക്കരുത്. ഇവ വരുവാനി രുന്നവയുടെ നിഴലത്രേ; ദേഹം എന്നതോ ക്രിസ്തുവിനു ള്ളതു. താഴ്മയിലും ദൂതന്മാരെ ആരാധിക്കുന്നതിലും ര സിച്ചു സ്വന്ത ദർശനങ്ങളിൽ പ്രവേശിക്കയും തന്റെ ജഡ മനസിനാൽ വെറുതെ ചീർക്കയും തലയെ മുറുകെ പിടി ക്കാതിരിക്കയും ചെയ്യുന്നവൻ ആരും നിങ്ങളെ വിരുതു തെററിക്കരുത്. തലയായവനിൽ നിന്നല്ലോ ശരീരം മുഴു വൻ സന്ധികളാലും ഞരമ്പുകളാലും ചൈതന്യം ലഭി ച്ചും ഏകീഭവിച്ചും ദൈവികമായ വളർച്ച പ്രാപിക്കുന്നു (കൊലൊസ്യർ 2:8-14).

ക്രിസ്തു ക്രൂശിൽ മരിക്കുന്നതുവരെയായിരുന്നു പ ഴയ നിയമത്തിന്റെ പ്രസക്തി. ആ നിയമത്തിലെ കല്പനകൾ അനുസരിച്ചു ഇന്നു നമുക്കു ദൈവത്തെ പ്രസാ ദിപ്പിക്കാവുന്നതല്ല (ഗലാത്യർ 5:2-4: ഗലാത്യർ 1:13-14). നാം ഇന്നു ക്രിസ്തുവിന്റെ നിയമത്തിൻ കീഴിലാകുന്നു. അതായതു പുതിയ നിയമ കാലമാണ് ഇന്നു. നാം അതി ലെ പ്രമാണങ്ങൾ ആണ് പാലിക്കേണ്ടതു (ഗലാത്യർ 6:2).

ഓരോ സഭകളും ഇന്നു രക്ഷിക്കപ്പെടുവാൻ എന്തു ചെ യ്യണമെന്നു പഠിപ്പിക്കുന്നു എന്നു കേൾക്കുമ്പോഴാണ് ബൈബിളിലെ വിഭജനത്തിനു പ്രാധാന്യമേറുന്നതു. ഉദാ ഹരണമായി, ഒരാളുടെ രക്ഷക്കു അയാൾ ലൂക്കൊസിന്റെ സുവിശേഷം പതിനെട്ടാം അദ്ധ്യായം ഒമ്പതു മുതൽ പ

തിനേഴുവരെയുള്ള വാക്യങ്ങളിൽ കാണുന്ന പ്രാർത്ഥന പ്രാർത്ഥിച്ചാൽ മതി എന്നു പറഞ്ഞാൽ അതു സത്യമാണെന്നു നിങ്ങൾ സമ്മതിക്കുമോ ? അല്ലെങ്കിൽ, ക്രൂശിലെ കള്ളൻ രക്ഷ പ്രാപിച്ചതുപോലെ നിങ്ങൾക്കു രക്ഷ പ്രാപിക്കാമെന്നു ഒരാൾ പറയുകയാണെങ്കിൽ അതിനു നിങ്ങൾ എന്തു മറുപടി പറയും ?

ഒരാൾ പ്രാർത്ഥിച്ചതായി ലൂക്കോസ് വിവരിച്ചിട്ടുണ്ട് എന്നതു ശരിയാണ്. പക്ഷെ ആ വാക്യം എടുത്തുകൊണ്ടു ഇന്നും എല്ലാവർക്കും അതുപോലെ പാപക്ഷമാപണം കിട്ടും എന്നു പറയുന്നതു സത്യവിരുദ്ധമാകും. അവർ ദൈവവചനത്തെ ശരിയായി വിഭജിക്കുന്നില്ല. ലൂക്കോസിന്റെ സുവിശേഷത്തിൽ പ്രാർത്ഥിച്ച മനുഷ്യൻ ഒരു ചുങ്കക്കാരനായിരുന്നു. അവൻ പഴയ നിയമത്തിൻ കീഴിൽ ജീവിച്ചിരുന്നവനായിരുന്നു. ക്രിസ്തുവിന്റെ മരണത്തിനു മുൻപ് ഒരു പക്ഷെ അവൻ മരിച്ചിരിക്കാം. ക്രിസ്തുവിന്റെ മരണത്തിനുശേഷമാണല്ലോ പുതിയ നിയമം പ്രാബല്യത്തിൽ വന്നതു. അവൻ ക്രിസ്ത്യാനിയായി തീരുവാനല്ല ശ്രമിച്ചതു. അന്നു ക്രിസ്ത്യാനിത്വം ഇല്ലായിരുന്നു. ക്രിസ്തുവിന്റെ രക്തത്താൽ അവന്റെ പാപങ്ങൾ കഴുകപ്പെടുവാൻ അവൻ ശ്രമിച്ചില്ല. കാരണം ക്രിസ്തുവിന്റെ മരണത്തിനു മുൻപുള്ള സംഭവമായിരുന്നു അത്. പഴയ നിയമം നിലവിലുണ്ടായിരുന്ന സമയത്തു പുതിയ നിയമം അനുസരിക്കേണ്ട ആവശ്യമില്ലാത്തതുപോലെ പുതിയ നിയമം നിലവിൽ വന്നശേഷം പഴയതും പ്രമാണിക്കേണ്ടതില്ല.

സ്നാനം കൂടാതെ രക്ഷിക്കപ്പെടാമെന്നതിനുള്ള ന്യായീകരണത്തിനായി പലരും ക്രൂശിലെ കള്ളനെ എടുത്തു കാണിക്കാറുണ്ട്. ക്രൂശിലെ കള്ളൻ സ്നാനം കൂടാതെ രക്ഷിക്കപ്പെട്ടുവെങ്കിൽ നമുക്കും അങ്ങനെ രക്ഷപ്പെടാം എന്നു പറയുന്നവരാണവർ അതു ശരിയല്ല.

# ശരിയുടേയും തെററിൻേറയും നിലവാരം

**മെൽ ഫൂട്ടറൽ**

ശരിയും തെററും ഇന്നു ലോകത്തിൽ കൂടി കുഴഞ്ഞു കിടക്കുകയാണല്ലൊ. അതിൻെറ കാരണം മനുഷ്യൻെറ അനുസരണക്കേടു തന്നെ. അടിസ്ഥാനപരമായ ചില തത്വം ഈ കാര്യത്തിൽ ആളുകൾ മറക്കുന്നുണ്ട്. ഏതാണ് ശരി, ഏതാണ് തെററ് എന്നു വിലയിരുത്താനുള്ള പ്രാഥമികമായ അറിവ് എല്ലാവർക്കും വേണം. വിശുദ്ധവും നേരും ഉള്ള ദൈവഹിതത്തെ നമുക്കു ശരിയെന്നു ഉറപ്പിക്കാം. ശരിയുടെ ഉറവിടം ദൈവം ആണ്. ദൈവ സന്നിധിയിൽ സ്വീകാര്യമായവയാണ് ശരിയായതു. ശരിക്കുള്ള നിലവാരം ദൈവിക അരുളപ്പാടാണ്. സ്വാഭാവികമായും അതു വാസ്തവമാണെന്നു അനുഭവത്തിലൂടെ നമുക്കു തിരിച്ചറിയാം. ഇന്നു ലോകത്തിൽ കാണുന്ന ആളുകളുടെ നിലവാരം നോക്കിയാൽ വിഭിന്നവും വികലവുമാണ് എന്നു പറയാതെ വയ്യ. ഓരോരുത്തർക്കു തോന്നുന്നതു അവനവനു ശരി എന്ന നിലവാരമാണ് ഭൂരിഭാഗവും സ്വീകരിച്ചിരിക്കുന്നതു. ആളുകൾ തമ്മിൽ തമ്മിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതിനു ഇതു കാരണമായി തീരുന്നു.

മുൻപ് ആളുകളുടെ ജീവിതം ഒരു നിലവാരം പുലർത്തുന്നതായിരുന്നു. പക്ഷെ ഇന്നത്തെ സ്ഥിതി എന്താണ് ? പുരോഗമന സംസ്കാരത്തിൻേറയും ആധുനിക ജീവിതത്തിൻേറയും പേരിൽ മൊത്തത്തിൽ കാണുന്നതു വില കുറഞ്ഞ നിലവാരമാണ്. ഒരാളുടെ നിലവാരമോ മൂല്യമോ, വ്യവസ്ഥയൊ മററൊരാളെ അടിച്ചേല്പിക്കാവുന്നതല്ല. ഇന്നു സമൂഹത്തിലുണ്ടായ മാററത്തിനു നാം തന്നെയാണ് ഉത്തരവാദികൾ. ഏതു വിഷയമെടുത്താലും അതിൻെറ ആധികാരികത കണ്ടെത്തണം. ഒരു കാര്യം തീർ

ത്തും ശരിയാണെന്നും അല്ലെങ്കിൽ അതു തീർത്തും തെററാണെന്നും പറയാൻ കഴിയുന്ന ഒരു നിലവാരമാണ് ദൈവം രൂപപ്പെടുത്തിയിട്ടുള്ളത്. ഇതിനു രണ്ടിനും മദ്ധ്യേ ഒന്നില്ല എന്നും നാം ഓർക്കണം. വിശ്വസനീയമായ നിലവാരം ദൈവത്തിന്റേതാണ്. മാനുഷിക നിലവാരം കുററമററതല്ല. അതുകൊണ്ടു അതിൽ ആശ്രയിക്കരുത് (യോഹന്നാൻ 17:17; 12:48; 8:32; 1:1-3). സത്യം ദൈവത്തിന്റെ വചനമാണ്. മനുഷ്യരുടെ ഉപദേശങ്ങൾ അസത്യങ്ങളാണ്. അതു തെളിയിക്കപ്പെട്ടതാണ്. ഏതു ധാർമ്മികവും മതപരവുമായ ചോദ്യങ്ങൾക്കു ഉചിതമായ മറുപടി തിരുവെഴുത്തിൽ ഉണ്ട്. മനുഷ്യർ എത്ര തന്നെ മാറിയാലും ദൈവത്തിന്റെ നിലവാരം ഒരിക്കലും മാറുന്നില്ല, അതു സ്ഥിരമായി നില്ക്കുന്നു.

കർത്താവിന്റെ സഭയ്ക്കകത്തായാലും പുറത്തായാലും ഒരു പ്രത്യേകത കാണപ്പെടുന്നുണ്ട്. പണ്ടു ശരിയായി കരുതിയിരുന്ന ചിലത് ഇന്നു തെററായും പണ്ടു തെററായി കരുതിയിരുന്നതു ഇന്നു ശരിയായും അറിയപ്പെടുന്നു. ഈ വിരോധാഭാസത്തിനു കാരണമെന്താണ്? വേദപുസ്തക നിലവാരത്തെ മാത്രം ആശ്രയിക്കുന്നവരിൽ ഏക നിലവാരം എന്നും കാണപ്പെടേണ്ടതാണ്. പുതിയ നിയമ മാതൃക നമ്മെ പഠിപ്പിക്കുന്നതു അതാണ്. സ്വഭാവഗുണങ്ങൾ എന്നും ഒരേ നിലവാരമുള്ളതാണ്. യെശയ്യാ പ്രവാചകന്റെ കാലത്തു ഇസ്രായേൽ എങ്ങനെയായിരുന്നു എന്നു വെളിപ്പെടുത്തിയിട്ടുണ്ട്. അവരിൽ ചിലർ തിന്മെക്കു നന്മ എന്നു പറകയും നന്മെക്കു തിന്മ എന്നു പറകയും ചെയ്തിരുന്നു. ഇരുട്ടിനെ വെളിച്ചമാക്കുകയും വെളിച്ചത്തെ ഇരുട്ടാക്കുകയും മധുരത്തെ കയ്പും കയ്പിനെ മധുരമാക്കുകയും ചെയ്യുന്നവർക്കു അയ്യോ കഷ്ടം (യെശയ്യാവ് 5:20). പ്രിയരേ, നമുക്കു നിലവാരമുണ്ടെന്നു നാം പറയുന്നുവെങ്കിൽ നമുക്കു ശരിയായ നിലവാരമുണ്ടോ എന്നു നാം പരിശോധിക്കണം. സത്യത്തിനു അനു

രൂപമായ ജീവിത നിലവാരമായിരിക്കണം നാം അനുവർത്തിക്കേണ്ടതു്.

നമ്മുടെ പൂർവ്വ പിതാക്കന്മാരുടെ ജീവിതം നോക്കണം. അവർ പിൻപററിയ നിലവാരം എന്തായിരുന്നു ? അവരുടെ വിശ്വാസവും ജീവിത രീതിയും ബൈബിളിൽ വ്യക്തമാക്കിയിട്ടുണ്ട്. അവ നിങ്ങളെ എപ്പോഴെങ്കിലും പ്രചോദിപ്പിച്ചിട്ടുണ്ടോ ? എബ്രായ ലേഖനത്തിൽ പിതാക്കന്മാരുടെ വിശ്വാസവും അന്ത്യവും ഒരു പ്രത്യേക കാര്യത്തെ തെര്യപ്പെടുത്തുന്നു. അവർ എല്ലാവരും ഏററവും നല്ലതിനെ കാംക്ഷിച്ചിരുന്നു. അതായതു സ്വർഗ്ഗീയമായതിനെ തന്നെ. ലക്ഷ്യബോധമുള്ള ഏതൊരു ജീവിതത്തിനും ഒരു ശരിയായ നിലവാരം ഉണ്ടാകും. തെററായ നിലവാരം ലക്ഷ്യ സ്ഥാനത്തെയും തെററിക്കും. നല്കപ്പെട്ട നിലവാരത്തെ മാററിയവർ എന്തുകൊണ്ടു മാററി എന്നു ചിന്തിക്കണം. അതിനാൽ അവർക്കു ഭവിക്കുന്ന ഫലത്തെയും തിരിച്ചറിയണം. ദൈവാധികാരത്തിൽ ഒതുങ്ങി ജീവിക്കാൻ ആഗ്രഹിക്കുന്നവർ ദൈവത്തിൻെറ സത്യ നിലവാരത്തെ മുറുകെ പിടിക്കും.. അല്ലാത്തവർ തെററായ നിലവാരത്തെ പിൻപററും.

ബൈബിളിൽ വർജ്ജിക്കാൻ പറഞ്ഞിരിക്കുന്നതു എക്കാലവും വർജ്ജിക്കണം. പണ്ടു തെററെന്നു പ്രസംഗിച്ചിരുന്ന വിഷയങ്ങൾ ഇന്നും തെററു തന്നെയാണ്. പുതിയ നിയമ കാലയളവിൽ മദ്യപാനവും ദുർന്നടപ്പും മോശമായ വസ്ത്ര ധാരണവും നൃത്തവും എല്ലാം നിഷിദ്ധമായിരുന്നു. ഇന്നും അതു തെററാണെന്നു പറയാനുള്ള ധൈര്യമാണ് വേണ്ടതു. ധാർമ്മികമായ നിലവാരത്തിനു ദൈവ മനസിൽ മാററമില്ല. മനുഷ്യരുടെ മനസിലും ജീവിതത്തിലുമാണ് മാററം സംഭവിച്ചിട്ടുള്ളത്. സ്വവർഗ്ഗ സംഭോഗവും ഗർഭഛിദ്രവും ദൈവിക നിലവാരത്തിനെതിരാണെന്നു നാം പ്രബോധിപ്പിച്ചില്ലെങ്കിൽ അതു ദൂരവ്യാപകമായ അപകടം വരുത്തിതീർക്കും. ദൈവത്തിനു വെ

റുപ്പ് ഉളവാക്കുന്ന കാര്യങ്ങൾ എന്തിനു ചെയ്യണം ? നിരപരാധിയുടെ രക്തം ചൊരിയിക്കൽ, വ്യാജം, വഴക്ക് എന്നിവ ദൈവത്തിനു അറെപ്പ് ഉളവാക്കുന്നതാണ് (സദൃശവാക്യങ്ങൾ 6:16-17).

നമ്മുടെ ജീവിത ശൈലി ലോകത്തിനു അനുരൂപമാകരുത്. നീതിയും അനീതിയും വേർതിരിച്ച് കാണേണ്ടതു ദൈവ വചനാടിസ്ഥാനത്തിലായിരിക്കണം. അനീതി പ്രവർത്തിക്കുന്നവർ ദൈവ രാജ്യത്തിൽ പ്രവേശിക്കയില്ല. അനീതി കൊണ്ടു സത്യത്തെ തടുക്കുന്നവർ ദൈവകോപത്തിനിരയാകും. വിശുദ്ധനായ ദൈവത്തിന്റെ സന്നിധിയിൽ നേരുള്ളവരായി കാണണമെങ്കിൽ നാം അവന്റെ വിശുദ്ധവഴി പിൻപററണം. ദൈവാത്മാവിനാൽ പ്രചോദിതരായ എഴുത്തുകാർ നല്കിയിരിക്കുന്ന നിർദ്ദേശങ്ങളെ നാം അവഗണിക്കരുത്. നമ്മുടെ വാക്കുകൾ ഉവ്വ്, ഉവ്വ് എന്നും ഇല്ല, ഇല്ല എന്നും ആയിരിക്കണം. ഉറപ്പുള്ള ആത്മിയ നിലവാരം സൂക്ഷിക്കേണ്ടവരാണ് കർത്താവിന്റെ സഭയിൽ ഉള്ളവർ.

ഉപദേശപരമായ പല കാര്യങ്ങളും ഗൗരവമായി എടിക്കാതിരിക്കുന്നവർ ഉണ്ട്. ദൈവ വചനത്തിൽ ഒതുങ്ങുനില്ക്കാൻ അവർ തയ്യാറാകുന്നില്ല. ഉദാഹരണമായി പാട്ടു പാടുമ്പോൾ അതെങ്ങനെയായിരിക്കണമെന്നു തിരുവെഴുത്ത് പഠിപ്പിക്കുന്നുണ്ട് (എഫെസ്യർ 5:19; കൊലൊസ്യർ 3:16). എന്നാൽ ആരാധനയുടെ ഭാഗമായി പാട്ടു പാടുമ്പോൾ ഉപകരണങ്ങൾ ഉപയോഗിക്കാൻ താല്പര്യപ്പെടുന്നു. നമ്മുടെ മനോഗതിയനുസരിച്ച് ദൈവത്തെ പ്രസാദിപ്പിക്കാൻ ശ്രമിക്കുന്നത് ദൈവം അംഗീകരിക്കണമെന്നില്ലല്ലൊ. ഹൃദയത്തിൽ നിന്നു ഏകാഗ്രതയോടെ വരുന്ന പുകഴ്ച്ചയാണ് ദൈവം ഇഛിക്കുന്നത്.

*

# ഇന്നു സാക്ഷികൾ ഉണ്ടോ ?

ഗാരി കോളെ

ഇന്നു പലരും ക്രിസ്തുവിന്റെ സാക്ഷികൾ, യഹോവയുടെ സാക്ഷികൾ എന്നെല്ലാം പറഞ്ഞുകൊണ്ടു നടക്കുന്നതായി കാണാം. എന്താണിതിന്റെ അർത്ഥം ? വാസ്തവത്തിൽ സാക്ഷികൾ എന്നു പറഞ്ഞാലെന്താണ് ? ഇരുപത്തിഒന്നാം നൂററാണ്ടിലേക്കു പ്രവേശിച്ചിരിക്കുന്ന ഈ കാലയളവിലും ഇത്തരം അവകാശവാദങ്ങൾ ഉന്നയിക്കുന്നതു ശരിയോ ? ദൈവ വചനത്തിൽ എന്താണ് ഇതിനെ കുറിച്ച് പറഞ്ഞിരിക്കുന്നതു എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. എങ്കിലേ അതു അന്വർത്ഥമാകയുള്ളു.

കണ്ടതായ കാര്യങ്ങളെ തെളിവിനായി വെളിപ്പെടുത്തുന്നതിനെയാണ് സാക്ഷി എന്നു പറയുന്നതു. ഒരു സംഭവം നേരിൽ കണ്ടതായിട്ടുണ്ടെങ്കിൽ അതു വിവരിച്ചു കൊടുക്കണം. യഥാർത്ഥത്തിൽ സംഭവിച്ച കാര്യം വിശദീകരിച്ചു കൊടുക്കുമ്പോൾ അതു സത്യമായി വിശ്വസിക്കപ്പെടും. ശരിയായ അറിവിനു മാത്രമെ സ്ഥിരീകരണമുള്ളു. സത്യത്തിൽ നടന്നതെങ്ങനെ എന്നു മററുള്ളവർക്കു തെളിയിക്കുന്നതാണ് സാക്ഷി വിവരണം. എന്നാൽ ദൈവികമായ സാക്ഷികൾ ആരെല്ലാമായിരുന്നു എന്നു നാം മനസിലാക്കണം.

പഴയ നിയമത്തിൽ ദൈവത്തോടുകൂടെ ആയിരുന്ന പൂർവ്വ പിതാക്കന്മാർ ആ തലമുറക്കും പിൻ തലമുറക്കും സാക്ഷികൾ ആയിരുന്നു. യഹൂദന്മാർ എന്ന ഒരു ദേശക്കാരെ ദൈവം തിരഞ്ഞെടുത്തു കഴിഞ്ഞപ്പോൾ, മററുള്ള ദേശക്കാർക്കും ജാതികൾക്കും അവർ സാക്ഷികൾ ആകണമായി

രുന്നു. കാരണം അവർ ദൈവത്തിന്റെ അത്ഭുത പ്രവർത്തികൾ അനവധി നേരിട്ടു കണ്ടവരാണ്. ദൈവത്തെ അറിയാതെ ജീവിക്കുന്ന മററുള്ളവർക്കു ഇവർ അതു സാക്ഷ്യപ്പെടുത്തണമായിരുന്നു. ദൈവം അവരോടു അതാവശ്യപ്പെടുകയും ചെയ്തിരുന്നു.

പുതിയ നിയമത്തിലേക്കു നാം ശ്രദ്ധ തിരിക്കുമ്പോൾ അപ്പൊസ്തലന്മാരെ കാണുന്നുണ്ട്. അവരോടു ലോകത്തിൽ എങ്ങും പോയി എന്റെ സാക്ഷികൾ ആകുവിൻ എന്നു പറയുന്നുണ്ട്. കാരണം അവർ യേശുവിന്റെ ഈ ലോക ജീവിത കാലയളവിൽ അവനോടൊപ്പം ആയിരുന്നു. അവൻ സംസാരിച്ച ഉപദേശം നേരിട്ടു കേൾക്കയും അവൻ ചെയ്ത അത്ഭുതങ്ങളും പ്രവർത്തികളും നേരിൽ കാണുകയും ചെയ്തു. അവർ അതിന്നു ദൃക്സാക്ഷികൾ ആയിരുന്നു. അവർ അങ്ങനെ യെരുശലേം, യെഹൂദ്യാ, ശമര്യ, തുടങ്ങി ലോകത്തിന്റെ അററത്തോളം അവന്റെ സാക്ഷികൾ ആകയും ചെയ്തു (പ്രവൃത്തി 1:8). ദൈവാത്മാവ് അവരെ അതിന്നായി നിയോഗിച്ചു.

യേശു ക്രിസ്തുവിന്റെ നാമത്തിൽ അശേഷം സംസാരിക്കരുത് എന്നു അന്നത്തെ മഹാപുരോഹിതന്മാർ അവരോടു അമർച്ചയായി കല്പിച്ചു എങ്കിലും അവർ അതിനു മറുപടിയായി പറഞ്ഞതു: ഞങ്ങൾ കണ്ടതും കേട്ടതും പ്രസ്താവിക്കാതിരിപ്പാൻ സാദ്ധ്യമല്ല എന്നായിരുന്നു അവരുടെ മറുപടി. കാരണം അവർ ആത്മാർത്ഥതയുള്ളവരായിരുന്നു. യേശുക്രിസ്തുവിന്റെ അപ്പൊസ്തലനായിരുന്ന യോഹന്നാൻ പറഞ്ഞിരിക്കുന്നതു: ആദിമുതലുള്ളതും ഞങ്ങൾ കേട്ടതും സ്വന്ത കണ്ണു കൊണ്ടു കണ്ടതും ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈ തൊട്ടതും ആയ ജീവന്റെ വചനം സംബന്ധിച്ചു- ജീവന്റെ വചനം പ്രത്യക്ഷമായി, ഞങ്ങൾ കണ്ടു സാക്ഷീകരിക്കയും പിതാവിനോടു കൂടെയിരുന്നു ഞങ്ങൾക്കു പ്ര

ത്യക്ഷമായ നിത്യജീവനെ നിങ്ങളോടു അറിയിക്കയും ചെയ്യുന്നു. ഞങ്ങൾ കണ്ടും കേട്ടും ഉള്ളതു നിങ്ങൾക്കു ഞങ്ങളോടു കൂട്ടായ്മ ഉണ്ടാകേണ്ടതിനു നിങ്ങളോടു അറിയിക്കുന്നു. ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും ആകുന്നു (1 യോഹന്നാൻ 1:1-3).

അപ്പൊസ്തലനായിരുന്ന പത്രൊസും ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്. യെഹൂദ്യ ദേശത്തിലും യെരുശലേമിലും അവൻ ചെയ്ത സകലത്തിനും ഞങ്ങൾ സാക്ഷികൾ ആകുന്നു. അവനെ അവർ മരത്തിന്മേൽ തൂക്കി കൊന്നു. ദൈവം അവനെ മൂന്നാം നാൾ ഉയിർത്തെഴുന്നേല്പിച്ചു, സകല ജനത്തിനുമല്ല, ദൈവം മുമ്പുകൂട്ടി നിയമിച്ച സാക്ഷികളായി, അവൻ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേററ ശേഷം അവനോടുകൂടെ തിന്നുകുടിച്ചവരായ ഞങ്ങൾക്കു തന്നേ പ്രത്യക്ഷനാക്കിതന്നു (പ്രവൃത്തി 10:39-41).

തന്നെത്താൻ കെട്ടിതൂങ്ങി മരിച്ച യൂദായ്ക്കു പകരം മററൊരാളെ തിരഞ്ഞെടുക്കേണ്ട ആവശ്യകതയെ ബോധ്യപ്പെടുത്തി വിവരിച്ചിരിക്കുന്നുണ്ട്. ആകയാൽ കർത്താവായ യേശു യോഹന്നാന്റെ സ്നാനം മുതൽ നമ്മെ വിട്ടു ആരോഹണം ചെയ്ത നാൾ വരെ നമ്മുടെ ഇടയിൽ സഞ്ചരിച്ചു പോന്ന കാലത്തെല്ലാം ഞങ്ങളോടു കൂടെ നടന്ന പുരുഷന്മാരിൽ ഒരുത്തൻ ഞങ്ങളോടു കൂടെ അവന്റെ പുനരുത്ഥാനത്തിനു സാക്ഷിയായി തീരേണം. അങ്ങനെ അവർ യുസ്തൊസ് എന്നു മറുപേരുള്ള ബർശബ എന്ന യോസേഫ്, മത്ഥിയാസ് എന്നീ രണ്ടു പേരെ നിർത്തി പ്രാർത്ഥിച്ചു അവരിൽ ആരെ തിരഞ്ഞെടുക്കേണ്ടു എന്നറിയുവാൻ ചീട്ടിട്ടു. ചീട്ടു മത്ഥിയാസിനു വീണു. അ

ങ്ങനെ അവനെ അവരിൽ ഒരുവനായി എണ്ണപ്പെട്ടു. അവനും ക്രിസ്തുവിന്റെ സാക്ഷിയായി അറിയപ്പെട്ടിരുന്നു.

ഇന്നു ക്രിസ്തുവിന്റെ ശിഷ്യന്മാരായി തീരുന്നവരോടു ലോകത്തിൽ എല്ലായിടത്തും പോയി എന്റെ സാക്ഷികൾ ആകുവിൻ എന്നല്ല, ലോകത്തിൽ എല്ലായിടത്തും പോയി സുവിശേഷം പ്രസംഗിപ്പിൻ എന്നാണ് കല്പിച്ചിരിക്കുന്നതു (മർക്കൊസ് 16:15-16; മത്തായി 28:18-20). ദൈവത്തിന്റെ അരുളപ്പാടുകൾ അറിയിക്കുവാനുള്ള താഴ്മയും വിനയവുമാണ് നമുക്കു വേണ്ടതു. ക്രിസ്തുവിന്റെ വചനം അറിയിക്കുവാൻ നാം ലജ്ജിക്കരുത്. ക്രിസ്തുവിന്റെ സാക്ഷ്യത്തെയാണ് നാം പ്രസ്താവിക്കേണ്ടതു (2 തിമൊഥെയൊസ് 1:8). പിതാവിനെയും സത്യത്തെയും സാക്ഷീകരിച്ചിരിക്കുന്ന കർത്താവിന്റെ വചനം സത്യമാണ്. അതു വിശ്വാസയോഗ്യവുമാണ്.

നിങ്ങൾ കർത്താവിന്റെ വചനത്തിലുള്ള രക്ഷാമാർഗ്ഗം സ്വീകരിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ ഇന്നു തന്നെ സ്വീകരിക്കുക. കാരണം നാളെ അതിനു സാധിച്ചില്ലെങ്കിൽ അതു തീരാനഷ്ടമാകും. വചനത്തെ വിശ്വസിച്ച് അനുസരിച്ചാൽ നിങ്ങൾ കർത്താവിന്റെ ശിഷ്യന്മാരാകും. അങ്ങനെ അവന്റെ സത്യമാർഗ്ഗത്തെ മറ്റുള്ളവരോടു അറിയിക്കുവാൻ സാധിക്കും. ദൈവ വചനം പൂർണ്ണമായി വെളിപ്പെടുത്തിയിരിക്കുന്നതു വായിച്ച് മനസിലാക്കി അതിൻ പ്രകാരം ജീവിക്കയും വേണം. അതാണ് ദൈവേഷ്ടം. നിങ്ങൾ അതിനു തയ്യാറാകും എന്നാണ് ഞങ്ങളുടെ പ്രതീക്ഷ.

★

**YOUR ATTENTION PLEASE !**

# Radio Srilanka Broadcasts

| | |
|---|---|
| **ENGLISH -** | The Voice of Truth - Speakers: **Reggi Gnanasundaram** and **J.C. Choate** Fridays: 7.45 to 8.00 p.m.<br>All Correspondence should be sent to The Voice of Truth Post Box. 3815 New Delhi-110 049 |
| **HINDI -** | Sathya Susamachar. Speaker - **Sunny David**<br>All Correspondence should be sent to<br>Sathya Susamachar,<br>Post Box. 3815 New Delhi- 110 049<br>Sundays: 8.45 to 9.00 p.m<br>Thursdays: 9.00 to 9.15 p.m. |
| **KANNADA -** | The Voice of Truth. Speaker - **Robert Rathnakar**<br>Box. 448, Bangalore - 560 004<br>Sundays: 1.45 to 2.00 pm. |
| **MALAYALAM -** | The Voice of Truth. Speaker - **P.K. Varghese**<br>All Correspondence should be sent to Church of Christ,<br>Post Box. 5540<br>Trivandrum 695 034, Kerala, India |
| **TAMIL -** | The Way of Truth. Speaker- **P.R.Swamy**<br>All Correspondence should be sent to The way of Truth,<br>Post Box 8405<br>Bangalore - 560 084 |
| **TELUGU -** | The Voice of Truth. Speaker- **Joshua Gootam**<br>All Correspondence should be sent to<br>The Voice of Truth, Post Box. 80, Kakinada 533 001<br>Sundays: 2.00 to 2.15 p.m.<br>Mondays: 2.00 to 2.15 p.m.<br>Tuesdays: 2.00 to 2.15 p.m.<br>Wednesdays: 2.00 to 2.15 p.m |

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian literatures are available in these different languages from the addresses listed. Also Radio sermons are available in book form.

---

Edited, Printed and Published by P.K. Varghese Church of Christ Trivandrum. Printed at Joshah Printers, Trivandrum.

Reg:No.K.Dis 90095/86/ A8, Regd. No.KL/TV (N)22

JOIN US FOR WORSHIP
THE CHURCH OF CHRIST MEETS

To Worship

at Y M C A
SUNDAY at 10 A.M

For Bible Study

T.C.27/218, Thampuranmukku
Trivandrum-7
ALL ARE WELCOME

All correspondence should be sent to the Editor
Bible Truth, Church of Christ, Trivandrum - 34, Kerala, South Ind

To

From

THE BIBLE TRUTH
Church of Christ
Behind Sanskrit College
Thiruvananthapuram - 695 034
Phone : 443378